വരുന്നു. ജില്ലാതലത്തിൽ കളക്ടറുടെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടത്തുന്നതിന് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ ഉൾപ്പെട്ടിട്ടുള്ള മിൽക്ക് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞ ബ്രാൻഡുകൾക്ക് നോട്ടീസ് നൽകി ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. കേരളത്തിനകത്തുള്ള ഇത്തരം ഡയറികൾ സന്ദർശിച്ച് പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. സ്ഥിരമായി ഗുണനിലവാരം കുറഞ്ഞതോ/മായം കലർന്നതോ ആയ പാൽ കണ്ടെത്തിയാൽ സ്റ്റേറ്റ് രജിസ്ട്രറിംഗ് അതോറിറ്റി ആയ ക്ഷീര വികസന വകുപ്പ് ഡയറക്ടർ നിരോധനം ഏർപ്പെടുത്തുകയും ചെയ്യുന്നു.

മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്നും പാൽ സംഭരിക്കുന്നത് കർശന ഗുണനിലവാര നിയന്ത്രണ ശേഷമാണ്. മിൽമയുടെ ഡയറികളിൽ പൂർണ്ണശേഷിയുള്ള ആധുനിക ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. ഇതിനുപുറമേ മിൽമയുടെ ഗുണനിലവാര നിയന്ത്രണ ഉദ്യോഗസ്ഥർ അയൽ സംസ്ഥാനങ്ങളിലെ ഡയറികളിൽ പോയി ഇടക്കിടെ പരിശോധന നടത്താറുമുണ്ട്. മിൽമയിൽ ഇന്ന് നിലവിലുള്ള ഈ സംവിധാനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമായി ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

കൂടാതെ ഫുഡ് സേഫ്റ്റി കമ്മീഷണറും പാൽ സാമ്പിളുകൾ പരിശോധിച്ച് മായം ചേർക്കലിനെതിരെ മായം ചേർക്കൽ നിരോധന നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള ഫാമുകൾ

76 (2554) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് കോഴി, താറാവ്, പശു, ആട്, മുയൽ ഫാമുകൾ പ്രവർത്തിച്ചുവരുന്നത് ; പ്രസ്തുത ഫാമുകളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(സി) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് സർക്കാർ ഉടമസ്ഥതയിൽ ആട്, കോഴി, കന്നുകാലി എന്നിവയുടെ ഫാമുകൾ തുടങ്ങുന്ന കാര്യം പരിശോധിക്കുമോ ; ഫാമുകൾ തുടങ്ങുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം

1. ജില്ലാ കന്നുകാലി വളർത്തൽകേന്ദ്രം, കുടപ്പനക്കുന്ന്
2. റീജിയണൽ പൗൾട്രി ഫാം കുടപ്പനക്കുന്ന്.
3. ജഴ്സി ഫാം, വിതുര
4. ജഴ്സി ഫാം എക്സറ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ
5. പന്നിവളർത്തൽ യൂണിറ്റ്, പാറശ്ശാല
6. ആട് വളർത്തൽ കേന്ദ്രം, പാറശ്ശാല

കൊല്ലം

1. ബഹുല്ലോബ്രീഡിംഗ് ഫാം കുരിയോട്ടുമല

2. റീജിയണൽ പൗൾട്രി ഫാം, കൊല്ലം

പത്തനംതിട്ട

താറാവ് വളർത്തൽ കേന്ദ്രം, നിരണം

കോട്ടയം

1. പന്നിവളർത്തൽ കേന്ദ്രം, കാപ്പാട്.
2. റീജിയണൽ പൗൾട്രി ഫാം, മണർകാട്

ആലപ്പുഴ

സെൻട്രൽ ഹാച്ചറി, ചെങ്ങന്നൂർ

ഇടുക്കി

ജില്ലാ കോഴിവളർത്തൽ കേന്ദ്രം, കോലാനി

എറണാകുളം

റീജിയണൽ പൗൾട്രി ഫാം, കുറുപ്പുംപടി

തൃശ്ശൂർ

പന്നിവളർത്തൽ യൂണിറ്റ്, കുന്നംകുളം

പാലക്കാട്

1. റീജിയണൽ പൗൾട്രി ഫാം, മലമ്പുഴ
2. ആടു വളർത്തൽ കേന്ദ്രം, അട്ടപ്പാടി.

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം

ജില്ലാകോഴി വളർത്തൽ കേന്ദ്രം, ആതവനാട്.

കോഴിക്കോട്

റീജിയണൽ പൗൾട്രി ഫാം, ചാത്തമംഗലം

കണ്ണൂർ

1. റീജിയണൽ പൗൾട്രി ഫാം, കുണ്ടയാട്.

2. ആട് വളർത്തൽ കേന്ദ്രം, കൊമേരി

ജില്ലാ കന്നുകാലി വളർത്തൽകേന്ദ്രം കുടപ്പനക്കുന്ന്, ബഹല്ലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല, ജഴ്സി ഫാം, വിതുര എന്നീ ഫാമുകളിൽ കന്നുകാലികൾക്കു പുറമേ ആട്, പന്നി, യമു, കോഴി എന്നിവയും വളർത്തുന്നുണ്ട്. കൊല്ലം മേഖലാ കോഴിവളർത്തൽ കേന്ദ്രത്തിൽ ടർക്കി കോഴികളെയും സെൻട്രൽ ഫാച്ചറി, ചെങ്ങന്നൂരിൽ കോഴികളെക്കൂടാതെ കാട, അലങ്കാര കോഴികൾ എന്നിവയെയും ജില്ലാ കോഴി വളർത്തൽ കേന്ദ്രം, കോലാനിയിൽ കോഴികളെ കൂടാതെ പന്നികളെയും, പന്നിവളർത്തൽ യൂണിറ്റ്, കുന്നംകുളത്ത് പന്നികളെ കൂടാതെ മുയലുകളെയും, ജില്ലാപൗൾട്രി ഫാം ആതവനാട് മേഖലാ കോഴിവളർത്തൽ കേന്ദ്രം, ചാത്തമംഗലം, മുണ്ടയാട് എന്നിവിടങ്ങളിൽ കോഴികളെ കൂടാതെ മുയലുകളെയും പന്നികളെയും വളർത്തുന്നു.

1. പ്രസ്തുത ഫാമുകളിൽ ഗുണനിലവാരമുള്ള പാൽ ഉല്പാദന ശേഷി കൂടിയ പശുക്കുട്ടികൾ, ആട്ടിൻകുട്ടികൾ, വിദേശജനുസിൽപ്പെട്ട മുയൽകുഞ്ഞുങ്ങൾ, പന്നികുഞ്ഞുങ്ങൾ, അത്യുൽപാദനശേഷിയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങൾ, ടർക്കി കോഴിക്കുഞ്ഞുങ്ങൾ, കാട കോഴികുഞ്ഞുങ്ങൾ, താറാവിൻ കുഞ്ഞുങ്ങൾ, സങ്കരയിനം തീറ്റപ്പുല്ല്, അസോള എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

2. കർഷകർക്ക് അവരുടെ ആവശ്യം അനുസരിച്ച് മൃഗസംരക്ഷണമേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും പരിശീലനം നൽകുന്നു.

(ബി) 1. ഫാമുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുവാൻ പുതിയ ഷെഡ്ഡുകൾ പണിയിച്ചു.

2. ഉയർന്ന ഉല്പാദന ശേഷിയുള്ള മാതൃ-പിതൃ ശേഖരം പുതുതായി ലഭ്യമാക്കി.

3. നിലവിലുള്ള ഷെഡ്ഡുകളുടെ കേടുപാടുകൾ തീർത്തു.

4. തീറ്റപ്പുൽ കൃഷി ഫാമുകളുടെ ലഭ്യമായ സ്ഥലത്ത് വ്യാപിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

5. നാടൻ ഇനം പശുക്കളുടെ പരിരക്ഷയ്ക്കായി ആവശ്യം വേണ്ട പ്രവർത്തനം നടത്തി.

6. ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ ലഭ്യമാക്കി.

7. പുൽകൃഷി മെച്ചപ്പെടുത്തുവാനായി സ്പ്രിഗ്ളർ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കി.

8. ലഭ്യമായ സ്ഥലത്ത് പച്ചക്കറി കൃഷിചെയ്തുവരുമാനം വർദ്ധിപ്പിച്ചു.

9. കന്നുകുട്ടികൾക്ക് പ്രത്യേക തീറ്റ ലഭ്യമാക്കിക്കൊണ്ട് കന്നുകുട്ടികളുടെ ശരിയായ വളർച്ച ഉറപ്പാക്കി.

10. ശുദ്ധ ജനുസ്സിൽപ്പെട്ട വിദേശയിനം പന്നിക്കുഞ്ഞുങ്ങളെ ഇറക്കുമതിചെയ്ത് കർഷകർക്ക് ലഭ്യമാക്കി.

11. ഫാമുകളിൽ മാലിന്യനിർമ്മാർജ്ജനത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു.

12. നിലവിലുള്ള കിണറുകളുടെ നവീകരണത്തിലൂടെയും ബോർവെൽ സ്ഥാപിക്കുകയുംവഴി ഫാമുകളിലെ ശുദ്ധജല ലഭ്യത ഉറപ്പാക്കി.

ടി ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 1532.56 ലക്ഷം രൂപ 2006-07 മുതൽ ചെലവഴിച്ചിട്ടുള്ളത് അനുബന്ധമായി ചേർക്കുന്നു.*

(സി) പാലക്കാട് ജില്ലയിൽ നിലവിൽ മലമ്പുഴയിൽ മേഖലാകോഴി വളർത്തൽ കേന്ദ്രവും, അട്ടപ്പാടിയിൽ ആടുവളർത്തൽ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ ഉടമസ്ഥതയിൽ ഒറ്റപ്പാലത്ത് ആട്, കോഴി, കന്നുകാലി എന്നിവയ്ക്കുള്ള പുതിയ ഫാമുകൾ തുടങ്ങുന്ന പ്രൊപ്പോസൽ നിലവില്ല.

ദിവസവേതനക്കാരായ തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളാക്കാൻ നടപടി

77 (2555) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിന്റെകീഴിലെ ഫാമുകളിലെ ദിവസ വേതനക്കാരായ തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ സംയുക്തതൊഴിലാളി യൂണിയനുകളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly